ഇ. എൻ. ടി. ഓപ്പറേഷന് വിധേയനായി ചികിൽസയിലിരിക്കെ മരണപ്പെട്ട മുരുകന്റെ കുടുംബത്തിന് ധനസഹായം നൽകാൻ നടപടി

55 [3505] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പേരൂർക്കട ഇ. എസ്. ഐ. ആശുപത്രിയിൽ ഇ. എൻ. ടി. ഓപ്പറേഷന് വിധേയനായി ചികിത്സയിലിരിക്കെ രോഗം വർദ്ധിച്ച് മരണപ്പെട്ട മുരുകൻ എന്ന തൊഴിലാളിയുടെ മരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധമായി അന്വേഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനത്തിൻമേൽ നടപടിയായിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) മുരുകന്റെ സന്തപ്ത കുടുംബത്തിന് അടിയന്തിര സഹായം അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനത്തിൻമേൽ വിശദമായ അന്വേഷണം നടത്തുന്നതിനും ബന്ധപ്പെട്ടവരെയെല്ലാം നേരിൽ കേട്ട് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കുമായി തൊഴിലും പുനരധിവാസവും വകുപ്പ് അഡിഷണൽ സെക്രട്ടറി ശ്രീ. സി. മോഹനനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിട്ടുണ്ട്.

(സി) അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റിൽ ഒപ്പുവച്ച ധാരണാപത്രങ്ങൾ

56 [3435] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റിൽ ആകെ എത്ര ധാരണാപത്രങ്ങൾ ഒപ്പുവച്ചിരുന്നു; ആരെല്ലാമായിട്ടാണ് ധാരണാപത്രങ്ങൾ ഒപ്പുവച്ചതെന്ന് അറിയിക്കാമോ;

(ബി) ഒപ്പുവച്ച ധാരണാപത്രങ്ങൾ ഏതെങ്കിലും റദ്ദായിട്ടുണ്ടോ; എങ്കിൽ ആരുമായി ഉണ്ടാക്കിയ ധാരണാപത്രങ്ങളാണ് റദ്ദാക്കപ്പെട്ടത്; കാരണം വ്യക്തമാക്കാമോ; ഇതിൽ എത്രയെണ്ണം പുതുക്കാൻ തീരുമാനമായിട്ടുണ്ട്;

(സി) എത്ര കോടി രൂപയുടെ ധാരണാപത്രങ്ങൾ അവതരിപ്പിച്ചിരുന്നു; അതിൽ എത്ര കോടി രൂപയുടെ പദ്ധതികൾ ഒപ്പുവച്ചു; നടപ്പായത് എത്ര കോടി രൂപയുടെ പദ്ധതികൾ എന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജിം വഴിയുള്ള എത്ര പദ്ധതികൾകൂടി നടപ്പു സാമ്പത്തിക വർഷം 2005-06 ൽ പ്രതീക്ഷിക്കുന്നു എന്ന് അറിയിക്കാമോ?

ഉത്തരം

(എ) 96 പദ്ധതികൾക്കാണ് ധാരണാപത്രം ഒപ്പുവച്ചത്. വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.†

(ബി) ഒപ്പുവച്ച ധാരണാപത്രങ്ങളിൽ 19 പദ്ധതികൾക്ക് പുരോഗതിയില്ലാത്തതിനാൽ റദ്ദായതായി കണക്കാക്കാവുന്നതാണ്. അവയുടെ പട്ടിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു. പുരോഗതിയില്ലാതെപോയ കാരണങ്ങൾ. †

1. ധാരണാപത്രത്തിനുശേഷമുള്ള തുടർ പഠനങ്ങളിൽ പദ്ധതി ലാഭകരമായി നടത്താനാവില്ല എന്ന് തെളിഞ്ഞതിനാൽ.
2. സംരംഭകന്റെ ഭാഗത്തുനിന്നും ക്രിയാത്മക നീക്കങ്ങൾ ഉണ്ടാകാത്തതുകൊണ്ട്.
3. പരിസ്ഥിതി പ്രശ്നങ്ങളുടെ പേരിൽ ചില പദ്ധതികൾക്കെതിരെ ഉണ്ടായ എതിർപ്പ്.

എല്ലാ ധാരണാപത്രങ്ങളുടെയും കാലാവധി 19-7-2003 മുതൽ ആറ് മാസത്തേക്ക് കൂടി പുതുക്കുകയുണ്ടായി.

(സി) സർക്കാരിന്റെ വിവിധ വകുപ്പുകളായ വ്യവസായം, ടൂറിസം, തദ്ദേശ സ്വയംഭരണം, ആരോഗ്യം, വിദ്യാഭ്യാസം, തുറമുഖം, ഗതാഗതം തുടങ്ങിയ വകുപ്പുകൾ അനേകം പദ്ധതികൾ അവതരിപ്പിക്കുകയുണ്ടായി. അവ ആകെ എത്ര കോടി രൂപയുടേതായിരുന്നു എന്ന് കണക്കാക്കിയിരുന്നില്ല. പങ്കെടുത്ത വ്യവസായികളുമായി ചർച്ച ചെയ്ത് ധാരണയിലെത്തിയ പദ്ധതികളിന്മേൽ ഒപ്പ് വയ്ക്കുകയാണ് തദവസരത്തിൽ ഉണ്ടായത്. ആകെ 11,159.45 കോടി രൂപ മുതൽ മുടക്ക് വരുന്ന 96 പദ്ധതികൾ നടപ്പിലാക്കാനാണ് ധാരണാപത്രം ഒപ്പ് വച്ചത്. നടപ്പായത് 217 കോടി രൂപ മുതൽമുടക്ക് വരുന്ന 14 പദ്ധതികളാണ്.

(ഡി) ജിം മുഖേന വന്ന പദ്ധതികൾ പുരോഗതിയുടെ വിവിധ ഘട്ടങ്ങളിലാണ്. 2005-06-ൽ നടപ്പാക്കപ്പെടുന്ന പദ്ധതികളുടെ കണക്ക് ഇപ്പോൾ പറയാൻ കഴിയില്ല.

വ്യവസായ വളർച്ച ത്വരിതപ്പെടുത്തുവാൻ നടപടി

57 [3437] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, ചെറുകിട വ്യവസായങ്ങളുടെ മൂലധന പരിധി നിശ്ചയിച്ചിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly